## സ്മാർട്ട് സിറ്റി പദ്ധതി

# കേരളം അത്രയ്ക്ക് സ്മാർട്ടോ?

സി.ആർ. നീലകണ്ഠൻ



**ഒദ്യോഗികഭാഷ്യം** എറണാകുളം ജില്ലയിലെ തൃക്കാക്കര പഞ്ചായത്തിന്റെ കിഴക്കു ഭാഗത്തായി നിലവിലുള്ള കിൻഫ്രാ പാർക്കിനടുത്ത് ആയിരം ഏക്കർ സ്ഥലത്തായി സ്ഥാപിക്കപ്പെടുന്ന പദ്ധതി. 1500 കോടി രൂപയാണ് പ്രതീക്ഷിച്ച മുതൽമുടക്ക്. ദുബായ് ഇന്റർനെറ്റ് സിറ്റി എന്ന സ്ഥാപനത്തിനാണ് ഇതിന്റെ നടത്തിപ്പിന്റെ ചുമതല. ഐ.ടി.യും അനുബന്ധമേഖലകളുമാണ് ഇവിടെ വരുന്ന വ്യവസായങ്ങൾ. ഇവയിൽ ഒരുലക്ഷം പേർക്ക് തൊഴിൽ കിട്ടും. ആദ്യഘട്ടത്തിൽ 200 ഏക്കറിലാണ് പദ്ധതി ആരംഭിക്കുക. മൂന്നുമുതൽ അഞ്ചുവർഷത്തിനകം 33,000 പേർക്ക് തൊഴിൽ കിട്ടും. പദ്ധതിക്കാവശ്യമായ ഭൂമി സർക്കാർ സൗജന്യമായി നൽകണം. വെള്ളം, വൈദ്യുതി തുടങ്ങിയവ സൗജന്യ നിരക്കിൽ സർക്കാർ നൽകണം. സ്മാർട്ട് സിറ്റിയെ വിമാനത്താവളം, തുറമുഖം, കൊച്ചിനഗരം മുതലായ സ്ഥലങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ സർക്കാർ വികസിപ്പിച്ചു നൽകണം. കെട്ടിടം, യന്ത്രസാമഗ്രികൾ മുതലായവക്ക് സബ്സിഡി നൽകണം. സ്മാർട്ട് സിറ്റിക്കകത്ത് വീടുകൾ, ഷോപ്പിങ്ങ് കോംപ്ലക്സ്, സ്കൂൾ, വിനോദ കേന്ദ്രങ്ങൾ മുതലായവയുണ്ടാകും. തൊഴിൽ നിയമങ്ങൾ ബാധകമാകില്ല. നികുതിയിളവുകളുണ്ടാകും. മാദ്ധ്യമങ്ങൾക്കുപോലും പ്രവേശനം നിയന്ത്രിക്കും.

### എന്താണ് പ്രശ്നം?

ഒറ്റ നോട്ടത്തിൽ ഇത് വലിയൊരു വികസനമാണെന്ന് ആർക്കും തോന്നാം. അതുതന്നെയാണതിന്റെ സ്മാർട്ട്നസ് (മിടുക്ക്). ഇപ്പോൾ നമ്മുടെ ഭരണാധികാരികൾ എല്ലാം സ്മാർട്ട് ആണ്. അത് അവരുടെ കടമകൾ നിർവ്വഹിക്കുന്നതിനു സഹായിക്കുന്നു. സമൂഹത്തിനാകെ അവകാശപ്പെട്ട വിഭവങ്ങൾ വിദേശി സ്വദേശി മൂലധനത്തിന് വിലക്കും വിലയില്ലാതെയും കൈമാറുകയെന്നതാണ് അതിനു കിട്ടാവുന്നത്ര കമ്മീഷൻ വാങ്ങുകയെന്നതാണ്. അതാണ് വികസനമെന്ന് സമൂഹത്തെയാകെ വിശ്വസിപ്പിക്കുകയെന്നതാണ്, ഈ ഭരണകർത്താക്കളുടെ കടമയെന്നു മാത്രം. കരിമണൽ ഖനനം, എക്സ്പ്രസ് ഹൈവേ, ജലവ്യാപാരം തുടങ്ങിയ ഒട്ടേറെ സ്മാർട്ട് പദ്ധതികൾ സർക്കാർ അവതരിപ്പിച്ചുവെങ്കിലും, അതിനെ പ്രമുഖ രാഷ്ട്രീയ കക്ഷികൾ സ്മാർട്ട് ആയി പിന്താങ്ങിയെങ്കിലും ജനങ്ങൾ കൂടുതൽ സ്മാർട്ട് ആയതിനാൽ അവ എതിർത്തു തോൽപ്പിച്ചുവെന്നുമാത്രം. ഇതിപ്പോൾ സ്മാർട്ട് എന്നു പറയാൻ മറ്റൊരു കാരണം കൂടിയുണ്ട്. വിദേശികളും വിദേശവാസികളായ ഇന്ത്യക്കാരുമായ മൂലധന ശക്തികൾ ഇവിടെ കൊണ്ടുവരുമെന്നു പറയുന്നത് കമ്പ്യൂട്ടർ മേഖലയിലെ വ്യവസായങ്ങളാണ്. അവരെ പൊതുവെ സ്മാർട്ട് എന്നു പറയാറുണ്ട്.

ദുബായ് ഇന്റർനെറ്റ് സിറ്റിയെന്ന കമ്പനിയെ ഈ പണി ഏൽപ്പിച്ചതിന്റെ മാനദണ്ഡം എന്താണെന്നാരും പറയുന്നില്ല. അവർക്ക് ഒരു വെബ്സൈറ്റ് (www.dubaiinternetcity.com) ഉണ്ടെന്നതൊഴിച്ചാൽ ഐടി വ്യവസായവുമായിട്ട് യാതൊരു ബന്ധവുമില്ല. ദുബൈയിൽ ഇവർ ഒരു സിറ്റി നിർമ്മിച്ചിട്ടുണ്ട് എന്നതു ശരി. സ്ഥലം വാങ്ങി അവിടെ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ച് ആവശ്യമുള്ള വ്യവസായികൾക്കു നൽകുന്ന പണിയാണ് അവർക്കവിടെയുള്ളത്. അന്നാട്ടിലെ സർക്കാരിൽ അവർക്കുള്ള സ്വാധീനം, ലൈസൻസ് കിട്ടുന്നതിലും മറ്റും സഹായകമായെന്നു വരാം. എന്നാൽ ഇവിടെ ഇതേ പണി ചെയ്യുന്ന പല സ്ഥാപനങ്ങളുമുണ്ട്. കേരളത്തിലെ കിൻഫ്ര ഇത്തരത്തിലുള്ള ഒന്നാണ്. നിർദ്ദിഷ്ട സ്ഥലത്തുതന്നെ കിൻഫ്രയുടെ വ്യവസായ പാർക്കുണ്ട്. കേരളത്തിന്റെ പലഭാഗത്തും വേറേയുമുണ്ട്. ഐടി വികസനത്തിനുവേണ്ടി തിരുവനന്തപുരത്ത് നൂറു കോടി മുടക്കി ഒരു ടെക്നോളജി പാർക്ക് നിർമ്മിച്ചിട്ടുണ്ട്. ഈ സ്മാർട്ട് സിറ്റിക്കുവേണ്ടി നൽകുന്ന സ്ഥലത്ത് തന്നെ മറ്റൊരു ടെക്നോ പാർക്ക് ഉണ്ട്. (ഇൻഫോ പാർക്ക് എന്നു പേർ). ഇവിടെ വിപ്രോ അടക്കം പല കമ്പനികളും പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള പാർക്കുകളിൽ പാതിയിലേറെ ഒഴിഞ്ഞു കിടക്കുന്നു. കേരളത്തിന്റെ പല ഭാഗത്തും തകർന്ന, പൂട്ടിയ വ്യവസായ എസ്റ്റേറ്റുകൾ ഉണ്ട്. അത്തരം സ്ഥലത്ത് കെട്ടിടം പണിത് ഐ.ടി കമ്പനികൾക്ക് ഉപയോഗിക്കാം. കാക്കനാട്ട് തന്നെ സ്ഥിതി ചെയ്യുന്ന സ്പെഷ്യൽ ഇക്കണോമിക് സോൺ (പ്രത്യേക സാമ്പത്തിക മേഖല - കയറ്റുമതിക്കായി) ഉണ്ട്. അതിനകത്ത് ഒട്ടേറെ സ്ഥലമുണ്ട്. ഇവിടെയും ഐടി വ്യവസായങ്ങൾക്കു പ്രവർത്തിക്കാം. ഇതിനൊന്നും തുനിയാതെ പുതുതായി ആയിരം ഏക്കർ സ്ഥലം സർക്കാരിന്റെ പണം നൽകി, സർക്കാരിന്റെ അധികാരമുപയോഗിച്ച് ജനങ്ങളെ കുടിയിറക്കി, വിദേശി സ്വദേശി മൂലധനത്തിനു നൽകാൻ സർക്കാർ തീരുമാനിച്ചതെന്തിന്?

ഈ യുക്തി വച്ചുകൊണ്ടാണ്, ഈ സിറ്റിക്കകത്ത് വ്യവസായങ്ങൾക്ക് മാത്രമല്ല, വീടിനും മറ്റ് സുഖസൗകര്യങ്ങൾക്കും നൽകുന്നുവെന്ന കാര്യം പരിശോധിക്കേണ്ടതു

ണ്ട്. ഈ പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം വ്യവസായ വികസനമല്ലെന്ന സംശയം ഉയരുന്നത്. ധനികരായ കുറെയാളുകൾക്ക് സുഖകരമായി ജീവിക്കാൻ വേണ്ടി ഒരു സ്വപ്ന നഗരം തീർക്കുകയാണെന്നു മനസ്സിലാകുന്നത്. അതിനുവേണ്ടി നമ്മുടെ ഭൂമിയും മറ്റു സമ്പത്തുകളും സർക്കാർ വിനിയോഗിക്കുന്നുവെന്നറിയുന്നത്. ഇത്തരത്തിൽ ഒരു നഗരമുണ്ടാകാത്തതിനാലാണോ ഇവിടെ ഐടി വികസനമുണ്ടാകാത്തത് ? വലിയ കെട്ടിടവും സ്ഥലവും യന്ത്രങ്ങളും മൂലധനവുമടക്കം ആവശ്യമില്ലാത്ത ഒന്നാണ് ഐടി വ്യവസായം. താരതമ്യേന വലിയ ലാഭം കിട്ടുന്ന ഒന്നുമാണതെന്നു പറയുന്നു. ഇതിനുവേണ്ടി സർക്കാർ ഇത്ര വലിയ സൗജന്യങ്ങൾ ചെയ്യേണ്ടതുണ്ടോ ?

ഒരു ഐടി തൊഴിലിന് 20,000 രൂപ വരെ സബ്സിഡി നൽകുമെന്ന് ഐടി നയം പറയുന്നു. ഇവിടെ ഭൂമിയും മറ്റു സൗജന്യങ്ങളും ചേർന്നാൽ ഒരു തൊഴിലവസരത്തിന് ലക്ഷങ്ങൾ വില വരും. ആദ്യഘട്ടത്തിൽ സർക്കാർ നൽകുന്ന ഇരുനൂറ് ഏക്കർ ഭൂമിക്ക് മാത്രം നാനൂറു മുതൽ അറുനൂറ് വരെ കോടി വിലയുണ്ടാകും. ഇതുവഴി കിട്ടുന്ന തൊഴിലെന്ത്? അതിലെന്തു വരുമാനമുണ്ടാകും ? അതെത്ര നാളത്തേക്കുണ്ടാകും തുടങ്ങിയ ചോദ്യങ്ങളുണ്ട്. ഇതിന്റെ പത്തിലൊന്നു സഹായം നൽകിയാൽ കയർ, കശുവണ്ടി, കൈത്തറി തോട്ടം, മത്സ്യം തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്ന അർദ്ധ പട്ടിണിക്കാരുടെ - അതും പത്തു ലക്ഷത്തിലധികം കുടുംബങ്ങളുടെ ജീവിതം സുഖകരമാക്കാം. പക്ഷെ ഇവിടെ ദരിദ്രരെ സംരക്ഷിക്കുകയെന്നതല്ലല്ലോ സർക്കാർ നയം. ഇത്ര വലിയൊരളവിൽ വിഭവവും ധനവും കൈമാറ്റം ചെയ്യപ്പെടുമ്പോൾ ഇതിൽ രാഷ്ട്രീയ-ഉദ്യോഗസ്ഥ ദല്ലാൾമാർക്ക് വലിയൊരു തുക കമ്മീഷനായി കിട്ടുമെന്നു തീർച്ച. അവിടെയാണ് ഇത്തരത്തിലൊരു ദുബായ് കമ്പനിയുടെ ഇടപാടുകൾ സംശയത്തിനിട നൽകുന്നത്. നമ്മുടെ പല രാഷ്ട്രീയക്കാർക്കും ഗൾഫിൽ പല സാമ്പത്തിക ബന്ധങ്ങളുമുണ്ടെന്ന കാര്യം ഒരു രഹസ്യമല്ല.

ഒരു പഞ്ചായത്തിന്റെ ചെറിയ പ്രദേശത്ത് പുതുതായി ഒരു ലക്ഷം പേർ താമസിക്കാനും ജോലി ചെയ്യാനും വരുമ്പോൾ അവിടെയുണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ രൂക്ഷമായിരിക്കും. ഇത്രയധികം പേർക്കാവശ്യമായി വരുന്ന ശുദ്ധജലം എങ്ങനെ, എവിടെ നിന്നു നൽകും ? ധനികരായ വിഭാഗങ്ങളാണിവിടെ ജീവിക്കുന്നതെന്നതിനാൽ അവരിടെ പ്രതിശീർഷ ജല ഉപയോഗം വളരെ ഉയർന്നതായിരിക്കും. ഒരു പതിറ്റാണ്ടിലേറെയായി കൊച്ചി നഗരവും സമീപ പ്രദേശങ്ങളും കടുത്ത ജല പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. കൊച്ചിയുടെ ജലസ്രോതസ്സായ പെരിയാറിൽ ഉപ്പുവെള്ളം കയറുന്നതിന്റേയും മലിനീകരണത്തിന്റേയും പ്രശ്നമുണ്ട്. ഈ പുതിയ സമ്പന്ന സമൂഹത്തിനു കൂടുതൽ ജലം നൽകുക വഴി ഇപ്പോൾത്തന്നെ നിലനിൽക്കുന്ന ജലക്ഷാമം കൂടുതൽ രൂക്ഷമാകും. ഇതിന്റെ ഫലം അനുഭവിക്കേണ്ടിവരുന്നത്, തീരപ്രദേശത്ത് താമസിക്കുന്ന ദരിദ്ര ജനതയായിരിക്കും. ഈ സിറ്റിക്കുവേണ്ടി ആവശ്യമായി ഉയർത്തിക്കാട്ടിയിരിക്കുന്ന വൈദ്യുതാവശ്യം (250 മെഗാവാട്ട്) വളരെ ഉയർന്നതാണ്. ഐടി വ്യവസായത്തിന് ഇത്ര കൂടിയ അളവിൽ വൈദ്യുതിയാവശ്യമില്ലായെന്നതും സംശയമുണർത്തുന്ന കാര്യമാണ്. ഇത്രയധികം പേരുടെ വാഹനങ്ങൾ ഈ സിറ്റിയുടെ സമീപമുള്ള റോഡുകളിലൂടെ പോകണം. ഇതുയർത്തുന്ന പ്രശ്നങ്ങൾ മലിനീകരണം, അപകടങ്ങൾ മുതലായവ വേറെയുമുണ്ട്.

### ഭൂമിയെവിടെ? യാഥാർത്ഥ്യമെന്ത്?

ആദിവാസികൾക്കും സുനാമി ബാധിതർക്കും നൽകാൻ ഭൂമി കണ്ടെത്താനാകാത്ത സർക്കാരിന് സമ്പന്നർക്കു നൽകാൻ ഇത്ര ഭൂമിയെങ്ങനെയുണ്ടാകുന്നു ? തൊഴിലവസരമെന്നതാണല്ലോ ഈ പദ്ധതിക്കനുകൂലമായി സർക്കാർ പ്രചരിപ്പിക്കുന്നത്. എന്നാൽ ഈ തൊഴിലുണ്ടാകുമെന്ന് എന്തുറപ്പാണുള്ളത് ? ദുബായ് കമ്പനിയുമായി സർക്കാർ കരാർ ഉണ്ടാക്കുമെന്നു പറയുന്നു. തൊഴിൽ നൽകിയില്ലെങ്കിൽ പിഴയടപ്പിക്കുമത്രേ! ഈ ദുബായ് കമ്പനിയല്ല ഇവിടെ വ്യവസായങ്ങൾ സ്ഥാപിക്കുന്നത്. കമ്പനികൾക്ക് സ്ഥലം നൽകൽ മാത്രമാണവരുടെ ജോലി. സ്ഥലം വാങ്ങുന്നത് പണം നൽകിയാണ്. അവരോട് ഇത്ര പേർക്ക് തൊഴിൽ നൽകണമെന്നാവശ്യപ്പെട്ടാൽ എങ്ങനെ കഴിയും ? ഈ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ സർക്കാർ പുറത്തു പറയുന്നില്ല. പറയുന്ന കാര്യങ്ങൾ ജനങ്ങൾ വിശ്വസിക്കുന്നില്ല. മാധ്യമങ്ങളോ പ്രതിപക്ഷമോ ഒന്നും ചോദിക്കുന്നില്ല. ഇന്ന് സർക്കാരുകൾ നടത്തുന്ന എല്ലാ വികസന പദ്ധതികളുടേയും അവസ്ഥയിതാണ്. ഇതാണ് നമ്മുടെ ജനാധിപത്യം.


മാലിന്യങ്ങളില്ലാത്ത ആരോഗ്യകരമായ ലോകത്തിന്

ആശംസകളോടെ,

പ്രകൃതിജീവനോല്പന്നങ്ങൾ, വനവിഭവങ്ങൾ, മണ്ണിലും മരത്തിലും ചിരട്ടയിലും മുളയിലും പാളയിലും തുണിയിലും നിർമ്മിക്കുന്ന കരകൗശല വസ്തുക്കൾ, നിത്യോപയോഗ സാമഗ്രികൾ കൂടാതെ ഒട്ടേറെ പ്രകൃതി സൗഹൃദോല്പന്നങ്ങൾ...





കലവറ

ഗ്രീൻ ചാനൽ & ഇക്കോഷോപ്പ്

C/o. കേരളീയം

മുനിസിപ്പൽ മാർക്കറ്റ് ബിൽഡിങ്ങ്, കൊക്കാലെ, തൃശൂർ-21

ഫോൺ : 0487-2421385, 9447674375. E-mail: keraleeyamtcr@rediffmail.com

നാട്ടുൽപന്നങ്ങൾക്കും പരിസ്ഥിതിസൗഹൃദ വസ്തുക്കൾക്കുമായി ഒരിടം